പുകവലിയെന്ന ദുശ്ശീലത്തിനെതിരെ ഒരു ദിനം

ലോക ജനസംഖ്യയുടെ അഞ്ചിലൊന്നു പേരും, മനുഷ്യശീലങ്ങളിൽ ഏറ്റവും ഉപദ്രവകാരികളിലൊന്നായ പുകവലിക്ക് അടിമകളാണ്. ഇതിന്റെ മാരക ദൂഷ്യഫലങ്ങളെപ്പറ്റി ബോധവത്കരിക്കാനും പുകയില ഉൽപന്ന നിയന്ത്രണത്തിന് സർക്കാറുകളെ പ്രേരിപ്പിക്കാനും ലോകാരോഗ്യ സംഘടന മേയ് 31ന് ലോക പുകയിലവിരുദ്ധ ദിനം ആചരിക്കുന്നു. 1987ൽ ആരംഭം. പുകയില ഉൽപന്നങ്ങളില്ലാത്ത ലോകം, പുകവലിജന്യ രോഗവും മരണവും കുറക്കുക എന്നിവ ലക്ഷ്യം.

തിരിഞ്ഞുനോക്കാനാളില്ല
വയോജന വിശ്രമകേന്ദ്രം കാടുകയറി നശിക്കുന്നു

കാടുമൂടിയ ആറളത്തെ വയോജന വിശ്രമകേന്ദ്രം

ഇരിട്ടി: ആറളം ടൗണിന് സമീപം സ്ഥാപിച്ച വയോജന വിശ്രമകേന്ദ്രം കാടുകയറി ഉപയോഗശൂന്യമായി നശിക്കുന്നു. വയോജന വിശ്രമകേന്ദ്രത്തിനായെടുത്ത കെട്ടിടമാണ് ഉപയോഗശൂന്യമായി നശിക്കുന്നത്. ആറളം ഗ്രാമപഞ്ചായത്ത് 16ാം വാർഡിൽ ആറളം ടൗണിൽ സ്ഥാപിച്ച വയോജന വിശ്രമകേന്ദ്രമാണ് കാടുമൂടിക്കിടന്ന് ആർക്കും ഉപകാരമില്ലാതെ നശിക്കുന്നത്. 1998ൽ സ്ഥാപിച്ച ഈ കെട്ടിടം വയോധികർ ഉപയോഗിച്ചിരുന്നെങ്കിലും കോവിഡ്കാലത്ത് ക്വാറന്റീനിൽ കഴിഞ്ഞവർക്ക് പഞ്ചായത്ത് നൽകിയിരുന്ന കട്ടിൽ, കിടക്ക, തലയണ തുടങ്ങിയവ ഉപയോഗത്തിനുശേഷം ഇവിടെ സൂക്ഷിച്ചതോടെയാണ് വയോധികർ പിന്നീട് എത്താതായത്.

ലക്ഷങ്ങൾ മുടക്കി നിർമിച്ച കെട്ടിടം കാടുമൂടി ഉപയോഗശൂന്യമായിക്കിടന്നിട്ടും പഞ്ചായത്തധികൃതർ ഇവിടം തിരിഞ്ഞുനോക്കിയിട്ടില്ല. കെട്ടിടത്തിനുള്ളിൽ സൂക്ഷിച്ച സാധനസാമഗ്രികൾ മാറ്റി ഇത് വീണ്ടും തുറന്നുകൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് വയോജനങ്ങൾ ആവശ്യപ്പെടുന്നത്.

വായനക്കളരി

ഏഴിലോട്: എ.കെ.ജി. സ്മാരക വായനശാല ആൻഡ് ഗ്രന്ഥാലയത്തിന്റെ ആഭിമുഖ്യത്തിൽ വായനക്കളരിയുടെ ഭാഗമായി പുസ്തക പരിചയം സംഘടിപ്പിച്ചു. വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യകാലസഖി എം.ബിജു പരിചയപ്പെടുത്തി. പി. രമേശൻ അധ്യക്ഷത വഹിച്ചു. പി.വി. പ്രദീപ്, കെ. രമേശൻ, എം. രവീന്ദ്രൻ, എ.വി. അച്യുതൻ, എ. ജയചന്ദ്രൻ, സി.വി. ബിന്ദു, പി.അശോകൻ, എം. അശോകൻ, കെ. മുരളി, എസ്. ആവണി, കെ.വി. രജിത എന്നിവർ സംസാരിച്ചു.

വിനായക് സായിക്ക് ദേശീയ സ്കോളർഷിപ്പ്

വിനായക് സായി

പയ്യന്നൂർ: കേന്ദ്ര സാംസ്കാരിക വകുപ്പിനു കീഴിലുള്ള സി.സിആർ.ടി ദേശീയ തലത്തിൽ കലാരംഗത്ത് പ്രതിഭ തെളിയിച്ച 18നും 25 വയസ്സിനുമിടയിലുള്ള യുവ കലാകാരന്മാർക്ക് നൽകുന്ന യങ് ആർട്ടിസ്റ്റ് സ്കോളർഷിപ്പിന് പയ്യന്നൂർ യോദ്ധാ കളരിപ്പയറ്റ് അക്കാദമിയിലെ സി. വിനായക് സായി അർഹനായി. കളരിപ്പയറ്റിലുള്ള മികവിനാണ് അംഗീകാരം. ദേശീയ അന്തർദേശീയ വേദികളിൽ കളരിപ്പയറ്റ് അവതരിപ്പിച്ചിട്ടുണ്ട്. പയ്യന്നൂരിലെ യോദ്ധാ കളരിപ്പയറ്റ് ഫൗണ്ടേഷൻ ഡയറക്ടർ ഡോ. എ.കെ. വേണുഗോപാലന്റെയും മാഹി മഹാത്മാ ഗാന്ധി ഗവ. കോളജ് സുവോളജി വിഭാഗം മേധാവിയായിരുന്ന പരേതയായ ഡോ. സി. ശകുന്തളയുടെയും മകനാണ്.

വിവാഹ വാഗ്ദാനം നൽകി സ്വർണവും പണവും കവർന്നു; മട്ടന്നൂർ സ്വദേശി അറസ്റ്റിൽ

പേരാവൂർ: ചാരിറ്റി പ്രവർത്തനത്തിന്റെ മറവിലും വിവാഹ വാഗ്ദാനം നൽകിയും 26 പവൻ സ്വർണവും രണ്ടര ലക്ഷം രൂപയും തട്ടിയെടുത്ത മധ്യവയസ്കനെ പേരാവൂർ പൊലീസ് സംഘം പിടികൂടി. കണ്ണൂർ കടമ്പൂർ സ്വദേശി ഫലീലിനെയാണ് പൊലീസ് മട്ടന്നൂരിൽ അറസ്റ്റ് ചെയ്തത്.

പേരാവൂർ സ്വദേശിനിയുടെ പരാതിയിലാണ് നടപടി. പേരാവൂർ എസ്.ഐ ടി.കെ. മിനിമോൾ, എസ്.എച്ച്.ഒ ഹസീം എന്നിവർ അന്വേഷണ സംഘത്തിന് നേതൃത്വം നൽകി.

അധ്യാപക ഒഴിവ്

പയ്യന്നൂർ: കണ്ടങ്കാളി ഷേണായി സ്മാരക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ എച്ച്.എസ്.എസ്.ടി ജൂനിയർ വിഭാഗത്തിൽ പൊളിറ്റിക്കൽ സയൻസ്, കണക്ക് തസ്തികകളിൽ ഒഴിവുണ്ട്. അഭിമുഖം അടുത്തമാസം 16ന് രാവിലെ 10.30ന്.

പുതിയങ്ങാടി മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ കെ. പി. നൂറുദ്ദീൻ അനുസ്മരണം .ഡി. സി .സി ജനറൽ സെക്രട്ടറി നൗഷാദ് വാഴവളപ്പിൽ ഉദ്ഘാടനം ചെയ്യുന്നു

കെ.പി. നൂറുദ്ദീൻ അനുസ്മരണം

പഴയങ്ങാടി: മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന കെ.പി. നൂറുദ്ദീന്റെ 10ാം ചരമവാർഷികം പുതിയങ്ങാടി മണ്ഡലം കോൺഗ്രസ് കമ്മിറ്റി ആചരിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി നൗഷാദ് വാഴവളപ്പിൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ജോയ് ചൂട്ടാട് അധ്യക്ഷത വഹിച്ചു. മാടായി ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി വൈസ് പ്രസിഡന്റ് സുധീർ വെങ്ങര അനുസ്മരണ പ്രഭാഷണം നടത്തി. ബ്ലോക്ക് ജനറൽ സെക്രട്ടറി സജി നാരായണൻ, ശ്രീജിത്ത് പൊങ്ങാടൻ, പഞ്ചായത്ത് അംഗം റീന സുരേഷ്, സേവ്യർ. കെ. ലിയോ, ടി.ജെ. തിമോത്തി, ജിജേഷ് ചൂട്ടാട്, കെ. സോമൻ, റസാഖ് മാടായി, സിജു ബെനഡിക്റ്റ്, ടി. രേണുക എന്നിവർ സംസാരിച്ചു.

150 നിർധന വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

പ്രസ്ക്ലബ് അനുമോദിച്ചു

കുന്ദംകുളം പ്രസ് ക്ലബ് ദൃശ്യമാധ്യമ അവാർഡ് നേടിയ ഉന്മേഷ് പായത്തിന് നഗരസഭ ചെയർപേഴ്സൻ വി. വിനോദ് കുമാർ ഉപഹാരം നൽകുന്നു

ഇരിട്ടി: കുന്ദംകുളം പ്രസ് ക്ലബിന്റെ ദൃശ്യമാധ്യമ അവാർഡ് നേടിയ ചാനൽ റിപ്പോർട്ടർ

ഉന്മേഷ് പായത്തെ ഇരിട്ടി പ്രസ്ക്ലബ് അനുമോദിച്ചു. നഗരസഭ ചെയർപേഴ്സൻ വി. വിനോദ് കുമാർ ഉപഹാരം നൽകി. പ്രസ്ക്ലബ് പ്രസിഡൻറ് മനോഹരൻ കൈതപ്രം അധ്യക്ഷത വഹിച്ചു. അജയൻ പായം, സി.കെ. ശശിധരൻ, തറാൽ ഈസ, എം.ആർ. സുരേഷ്, പി.വി. ബാബു, ഇ. സദാനന്ദൻ, കെ. അബ്ദുല്ല, കെ. സാദിഖ്, സി. ബാബു, സന്തോഷ് കോയിറ്റി, സതീശൻ മാവില, ഉന്മേഷ് പായം എന്നിവർ സംസാരിച്ചു.

വെങ്ങര റെയിൽവേ മേൽപാലം

അലൈൻമെന്റിന് മദ്രാസ് ഐ.ഐ.ടിയുടെ അംഗീകാരം

പഴയങ്ങാടി: വെങ്ങരയിൽ റെയിൽവേ ട്രാക്കിന് മുകളിൽ നടത്തേണ്ട പ്രവൃത്തിയുടെ അലൈൻമെന്റിന് മദ്രാസ് ഐ.ഐ.ടിയുടെ അംഗീകാരം ലഭിച്ചതായി എം. വിജിൻ എം.എൽ.എ അറിയിച്ചു.

വെങ്ങരയിൽ റെയിൽവേ മേൽപാലം നിർമിക്കുന്നതിന് 21 കോടി രൂപയായിരുന്നു സംസ്ഥാന സർക്കാർ അനുവദിച്ചിരുന്നത്. 290.16 മീറ്റർ നീളത്തിൽ നിർമിക്കുന്ന പാലത്തിന് 10.06 മീറ്റർ വീതിയും 22.32 മീറ്റർ വലുപ്പത്തിൽ 13 സ്പാനുകളും നടപാതയും പാലത്തിലേക്ക് പടവുകളും നിർമിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തീകരിച്ചെങ്കിലും ദേശീയതലത്തിൽ റെയിൽവേ മേൽപാലങ്ങളിൽ റെയിൽവേയുടെ മുകൾഭാഗത്ത് വരുന്ന ഡിസൈൻ സ്ട്രക്ചറിൽ മാറ്റം വരുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ ട്രാക്കിന് മുകളിൽ വരുന്ന അലൈൻമെന്റിന് റെയിൽവേയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ടായിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ പുതിയ ഡിസൈൻ കേരള റെയിൽ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് മുഖേന തയാറാക്കി മദ്രാസ് ഐ.ഐ.ടിയുടെ അംഗീകാരത്തിനായി നൽകിയിരുന്നു. ഇതിന് മദ്രാസ് ഐ.ഐ.ടിയുടെ അംഗീകാരം ലഭ്യമായി. ഒരു മാസത്തിനകം ചെന്നൈ റെയിൽവേ ഡിവിഷന്റെ അനുമതി ലഭിച്ചാലുടൻ ടെൻഡർ നടപടി ആരംഭിക്കുമെന്നും ടെൻഡർ നടപടി വേഗത്തിൽ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്നും എം. വിജിൻ എം.എൽ.എ അറിയിച്ചു.

ഉളിയിൽ കോഴി കയറ്റിവരുകയായിരുന്ന പിക്കപ് നിർത്തിയിട്ട ലോറിയിലിടിച്ചുണ്ടായ അപകടം

പിക്കപ് നിർത്തിയിട്ട ലോറിയിലിടിച്ച് അപകടം

ഇരിട്ടി: ഉളിയിൽ ആയുർവേദാശുപത്രിക്ക് സമീപം കോഴി കയറ്റി വരുകയായിരുന്ന പിക്കപ്, നിർത്തിയിട്ട ലോറിയിലിടിച്ച് അപകടം. ശനിയാഴ്ച പുലർച്ചയാണ് അപകടം.

കർണാടകയിൽനിന്ന് പാനൂരിലേക്ക് കോഴി കയറ്റി പോകുകയായിരുന്ന വാഹനമാണ് നിർത്തിയിട്ട ചരക്കുലോറിയിലിടിച്ചത്. പിക്കപ്പിന്റെ മുൻഭാഗം തകർന്നു. മാഹി സ്വദേശികളായ രണ്ടു പേർക്ക് നിസ്സാര പരിക്കേറ്റു. നിരവധി കോഴികളും ചത്തു. മൂന്നു ദിവസം മുമ്പ് ഇവിടെ ഗുഡ്സ് ഓട്ടോയിടിച്ച് കാൽനടക്കാരന് ഗുരുതര പരിക്കേറ്റിരുന്നു. മേഖലയിൽ ദിനംപ്രതി വാഹനാപകടം വർധിക്കുകയാണ്.


നിർമാണത്തിലിരിക്കുന്ന പഴയങ്ങാടി പാലം

പഴയങ്ങാടി പാലം

നിർമാണം തുടങ്ങി മൂന്നു വർഷം തികയാറായിട്ടും പണി പൂർത്തിയായില്ല

പഴയങ്ങാടി: 2024 ഡിസംബറിൽ പൂർത്തീകരിക്കുമെന്ന വാഗ്ദാനത്തോടെ 2023 ജൂലൈയിൽ നിർമാണപ്രവർത്തനം ആരംഭിച്ച പഴയങ്ങാടി പാലത്തിന്റെ പണി ഇനിയും പൂർത്തിയായില്ല. തെരഞ്ഞെടുപ്പിനു ആഴ്ചകൾക്ക് മുമ്പേ നിലച്ച നിർമാണപ്രവർത്തന പിന്നെ പുനരാരംഭിച്ചിട്ടില്ല.

2023 ജൂലൈ 17നാണ് അന്നത്തെ പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പാലത്തിന്റെ പ്രവൃത്തി ഉദ്ഘാടനം നിർവഹിച്ചത്. 2024 ഡിസംബറിൽ പൂർത്തീകരിക്കുമെന്നായിരുന്നു പ്രഖ്യാപനം. 2026 ജനുവരിയിൽ പൂർത്തീകരിക്കുമെന്നായിരുന്നു ഏറ്റവും ഒടുവിലത്തെ പ്രഖ്യാപനമെങ്കിലും അതും സാക്ഷാത്കരിച്ചില്ല. 18.51 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സർക്കാർ തുക അനുവദിച്ചത്. 245.15 മീറ്റർ ദൈർഘ്യത്തിലാണ് പാലം നിർമിക്കുന്നത്. നിലവിലുള്ള പഴയങ്ങാടി പാലത്തിനു സമാന്തരമായി നിർമിക്കുന്ന പാലത്തിന് ഒമ്പത് സ്പാനുകളാണുള്ളത്. പഴയങ്ങാടി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമാവുന്ന പാലത്തിന്റെ ജോലികൾ പുനരാരംഭിക്കാൻ അടിയന്തര നടപടികൾ കൈക്കൊള്ളണമെന്നാണ് ജനങ്ങളുടെ ആവശ്യം.

സ്വജനപക്ഷപാതം; എൽ.ഡി.എഫ് മാർച്ച് രണ്ടിന്

ഇരിട്ടി: ആറളം പഞ്ചായത്ത് പദ്ധതികളിൽ അരങ്ങേറുന്ന സ്വജനപക്ഷപാതത്തിനെതിരെ ജൂൺ രണ്ടിന് രാവിലെ 10ന് എൽ.ഡി.എഫ് നേതൃത്വത്തിൽ ആറളം പഞ്ചായത്ത് ഓഫിസിലേക്ക് ബഹുജന മാർച്ചും ധർണയും നടത്തുമെന്ന് എൽ.ഡി.എഫ് നേതാക്കൾ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

ചട്ടവിരുദ്ധമായി കരാർതൊഴിലാളികളെ ആനകൂല്യങ്ങൾപോലും നൽകാതെ പിരിച്ചുവിടുകയാണ്. പിരിച്ചുവിട്ടവർക്ക് പകരമുള്ള നിയമനം പഞ്ചായത്ത് പ്രസിഡന്റിന്റെ ഇഷ്ടക്കാർക്ക് നൽകുന്നു. പഞ്ചായത്തീരാജ് ചട്ടങ്ങൾ പാലിക്കാതെയും മാനദണ്ഡങ്ങൾ നിരാകരിച്ചുമാണ് പ്രവർത്തനം. ഇതിനെതിരെ ശക്തമായി പ്രതികരിക്കുമെന്ന് എൽ.ഡി.എഫ് നേതാക്കൾ മുന്നറിയിപ്പ് നൽകി. ചൊവ്വാഴ്ചത്തെ എൽ.ഡി.എഫ് ബഹുജന മാർച്ച് സി.പി.എം ഏരിയ സെക്രട്ടറി കെ.വി. സക്കീർ ഹുസൈൻ ഉദ്ഘാടനം ചെയ്യുമെന്ന് നേതാക്കളായ ഇ.പി. രമേശൻ, ജയസ്ൺ ജീരകശ്ശേരി, കെ.ബി. ഉത്തമൻ, കെ.പി. രാജേഷ് എന്നിവർ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

അന്നൂർ സഞ്ജയൻ സ്മാരക ഗ്രന്ഥാലയം വായനക്കളരിയുടെ ഭാഗമായി ബാലവേദി സംഘടിപ്പിച്ച പഠനയാത്രക്കിടെ

പഠനയാത്ര സംഘടിപ്പിച്ചു

പയ്യന്നൂർ: അന്നൂർ സഞ്ജയൻ സ്മാരക ഗ്രന്ഥാലയം വായനക്കളരിയുടെ ഭാഗമായി ബാലവേദി കൂട്ടുകാർക്ക് പഠനയാത്ര സംഘടിപ്പിച്ചു.

പയ്യന്നൂരിലെയും പരിസരങ്ങളിലെയും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും ടൂറിസ്റ്റ് പ്രദേശങ്ങളും കുട്ടികൾ സന്ദർശിച്ചു. അന്നൂരിൽ നിന്നും പുറപ്പെട്ട പഠനസംഘം പയ്യന്നൂർ ശ്രീനാരായണ വിദ്യാലയം, ഫയർഫോഴ്സ് ഓഫിസ്, ഗാന്ധി മ്യൂസിയം, ഉളിയത്ത് കടവ്, കവ്വായി കായൽ തീരം, വലിയപറമ്പ് ബീച്ച് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. മുപ്പതോളം വരുന്ന ബാലവേദി കൂട്ടുകാർ പഠനയാത്രയുടെ ഭാഗമായി യാത്രാവിവരണ കുറിപ്പും തയാറാക്കുന്നുണ്ട്.

പഠന യാത്രയുടെ ഉദ്ഘാടനം ഗ്രന്ഥാലയം പ്രസിഡൻറ് കെ. രാമചന്ദ്രൻ നിർവഹിച്ചു. സെക്രട്ടറി സി.വി. വിനോദ് കുമാർ, ടി.കെ. ഗിരിധരൻ, വി.എം. വത്സല, രജനി രാധാകൃഷ്ണൻ, ടി.കെ. പ്രിയ എന്നിവർ പഠനയാത്രക്ക് നേതൃത്വം നല്കി.

കൂരൻ മുക്കിൽ അപകടത്തിൽ തകർന്ന കാർ

ബസും കാറും കൂട്ടിയിടിച്ച് അപകടം

മട്ടന്നൂർ: ചാവശ്ശേരി കൂരൻ മുക്കിൽ സ്വകാര്യ ബസും കാറും കൂട്ടിയിടിച്ച് അപകടം. ശനിയാഴ്ച വൈകീട്ട് നാലരയോടെയായിരുന്നു അപകടം. കൊട്ടിയൂർ ക്ഷേത്രത്തിൽ പോയി മട്ടന്നൂർ ഭാഗത്തേക്ക് വരുകയായിരുന്ന കർണാടക രജിസ്ട്രേഷൻ കാറും തലശ്ശേരിയിൽനിന്ന് കൊട്ടിയൂരിലേക്ക് പോകുകയായിരുന്ന സ്വകാര്യ ബസും തമ്മിലാണ് കൂട്ടിയിടിച്ചത്. അപകടത്തിൽ കാറിന്റെയും ബസിന്റെയും മുൻ ഭാഗം തകർന്നു. യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. മട്ടന്നൂർ പൊലീസ് സ്ഥലത്തെത്തി.

കുസൃതിക്കുരുന്നുകൾ അംഗൻവാടികളിലേക്ക്

ഇരിട്ടി: കളിച്ചും ചിരിച്ചും പിണങ്ങിയും കുസൃതിക്കുരുന്നുകൾ അംഗൻവാടികളിലേക്ക്. ഉത്സവാന്തരീക്ഷത്തിൽ നടന്ന പ്രവേശനോത്സവത്തിൽ കുട്ടികളും രക്ഷിതാക്കളുമുൾപ്പെടെ നിരവധിപേർ പങ്കെടുത്തു.

ഇരിട്ടി ഐ.സി.ഡി.എസ് പ്രോജക്ട്തല ഉദ്ഘാടനം ഇരിട്ടി നഗരസഭയിലെ ഉളിയിൽ കുന്നിൻകീഴിൽ അംഗൻവാടിയിൽ ഐ.സി.ഡി.എസ് ഇരിട്ടി പ്രോജക്ട് ഓഫിസർ ഷീന എം. കണ്ടത്തിൽ നിർവഹിച്ചു. നഗരസഭ കൗൺസിലർ ഷബ്ന അധ്യക്ഷത വഹിച്ചു. ജിസ്മി അഗസ്റ്റിൻ, ടി. റസിയ, സിനി മാത്യു, ടി.വി. ശ്രീജ, എൻ.വി. ബാലകൃഷ്ണൻ, കെ.പി. അലി, പ്രമീള, ലീല എന്നിവർ സംസാരിച്ചു.

തില്ലങ്കേരി പഞ്ചായത്ത്തല ഉദ്ഘാടനം തെക്കംപൊയിൽ അംഗൻവാടിയിൽ പഞ്ചായത്ത് പ്രസിഡൻറ് മുരളീധരൻ കൈതേരി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം പി.പി. മഹിജ അധ്യക്ഷത വഹിച്ചു. കെ.വി. ദീപ, കെ.എ. ഷെല്ലി, സി.പി. അനുരാജ് തുടങ്ങിയവർ സംസാരിച്ചു.


മട്ടന്നൂരിൽ നടത്തിയ ട്രയൽ റൺ

ഉപരാഷ്ട്രപതി ഇന്ന് മട്ടന്നൂരിൽ

മട്ടന്നൂർ: ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ സന്ദർശനത്തിന്റെ ഭാഗമായി മട്ടന്നൂരിൽ സുരക്ഷ ക്രമീകരണങ്ങൾ ശക്തമാക്കി. രാജ്യസഭാംഗം സി. സദാനന്ദന്റെ മകളുടെ വിവാഹച്ചടങ്ങിൽ പങ്കെടുക്കുന്നതിനാണ് ഞായറാഴ്ച ഉപരാഷ്ട്രപതി എത്തുന്നത്. ഗവർണർ രാജേന്ദ്ര ആർലേക്കറും പങ്കെടുക്കും. ഞായറാഴ്ച വൈകീട്ട് മട്ടന്നൂരിലെ സ്വകാര്യ കൺവെൻഷൻ സെന്ററിലാണ് ചടങ്ങ്. സുരക്ഷ ക്രമീകരണങ്ങളുടെ ഭാഗമായി മട്ടന്നൂർ സ്റ്റേഷനിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ യോഗം ചേർന്നു.

നൂറുക്കണക്കിന് പൊലീസുകാരെയാണ് നഗരത്തിൽ വിന്യസിച്ചിട്ടുള്ളത്. സുരക്ഷയുടെ ഭാഗമായി കണ്ണൂർ വിമാനത്താവളത്തിൽനിന്ന് ട്രയൽ പൊലീസ് ട്രയൽ നടത്തി.

തില്ലങ്കേരി പഞ്ചായത്ത്തല അംഗൻവാടി പ്രവേശനോത്സവം പഞ്ചായത്ത് പ്രസിഡൻറ് മുരളീധരൻ കൈതേരി ഉദ്ഘാടനം ചെയ്യുന്നു

പഞ്ചാബ് നാഷണൽ ബാങ്ക് ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശദാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9 (1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി/പ്രത്യക്ഷമായി/പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക (ലക്ഷം)
1	ശാഖ: ARMB കോഴിക്കോട് **ശ്രീമതി. അനിമോൾ ആന്റണി,** സ്റ്റാഫ് നഴ്സ്, പരിയാരം മെഡിക്കൽ കോളേജ് കണ്ണൂർ, പിൻ- 670503, കൂടാതെ: ഏഴാപ്പറമ്പിൽ വീട്, പരിയാരം, മെഡിക്കൽ കോളേജ് പി ഒ, വെളിച്ചംതോട്, പരിയാരം, പിൻ- 670706, **ജെയ്സൺ ജോസഫ്** (ജാമ്യക്കാരൻ), ഏഴാപ്പറമ്പിൽ വീട്, പരിയാരം മെഡിക്കൽ കോളേജ് പി ഒ, വെളിച്ചംതോട്, പരിയാരം, പിൻ- 670706	കണ്ണൂർ ജില്ലയിൽ തളിപറമ്പ് താലൂക്കിൽ, പരിയാരം വില്ലേജിൽ, പരിയാരം അംശം & ദേശം, റീ സർവേ നം. 72/104 (ആധാര പ്രകാരം), 72/107 (കൈവശ സർട്ടിഫിക്കറ്റ് പ്രകാരം) ൽ പെട്ട ശ്രീമതി അനിമോൾ ആന്റണിയുടെ പേരിലുള്ള 6 സെന്റ് (2.43 ആർ) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** ബിഫി ജോയ് വക വസ്തു; **തെക്ക്:** ബാബു & ഹണി മോൾ വക വസ്തു; **പടിഞ്ഞാറ്:** PWD റോഡ്; **വടക്ക്:** ആലിസ് എബ്രഹാം വക വസ്തു	(എ) 10-07-2024 (ബി) 30-04-2026 ലെ രൂപ 33,00,554.95 യും 01-05-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 14-10-2024 (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ 47.00 (ബി) രൂപ 4.700 (സി) രൂപ 0.10

സെക്യൂർഡ് ക്രഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ – ലേല തീയതിയും സമയവും: **16-06-2026** ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **15-06-2026**

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **12-06-2026**

ഇ – ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന "എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ-ലേല വിൽപന ഓൺലൈൻ മുഖാന്തിരം **16-06-2026** രാവിലെ **11.00** മണിക്കും വൈകിട്ട് **05.00** മണിക്കും ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 20-05-2026,
സ്ഥലം: കോഴിക്കോട്

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്,
സെക്യൂർഡ് ക്രെഡിറ്റർ